**File No.DT/1995/2020-A7**

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33
തീയതി :27/09/2020

നം.DT/1995/2020-A7

**സർക്കുലർ**

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം - Undertaking ഹാജരാക്കുന്നത് സംബ:-

സൂചന:- ജി .ഒ .(പി ) നമ്പർ 169/2019/ഫിൻ തീയതി 13.12.19

**************

സൂചനയിലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഗസറ്റഡ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ഇൻക്രിമെന്റ് ,ലീവ് സറണ്ടർ മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വേണ്ടി എ.ജി യിലേക്ക് നൽകേണ്ട Undertaking ഈ കാര്യാലയത്തിലേക്ക് അയച്ചു തരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .ഈ വിഷയത്തിൽ താഴെപ്പറയുന്ന നിർദേശം പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടേഷനിൽ തുടരുന്നവർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം നോൺ ഗസറ്റഡ് ജീവനക്കാരിൽ നിന്ന് സൂചനയിലെ അനുബന്ധ പ്രകാരമുള്ള Undertaking രണ്ട് പകർപ്പ് സ്വീകരിച്ച് സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് സേവനപുസ്തകത്തിൽ പതിക്കേണ്ടതും രണ്ടാമത്തെ പകർപ്പ് ഡി.ഡി.ഒ/ഓഫീസ് മേധാവി സൂക്ഷിക്കേണ്ടതുമാണ് .

ഗസറ്റഡ് തസ്തികയിലെ ജീവനക്കാരിൽ നിന്നുംലഭിക്കുന്ന Undertaking ഒരു പകർപ്പ് ബന്ധപ്പെട്ട ഡി .ഡി .ഒ .സാക്ഷ്യപ്പെടുത്തി .എ.ജി യിലേക്ക് നേരിട്ട് അയക്കേണ്ടതും രണ്ടാമത്തെ പകർപ്പ് ഡി.ഡി.ഒ/ഓഫീസ് മേധാവി സൂക്ഷിക്കേണ്ടതുമാണ് .

ഗസറ്റഡ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളനിർണ്ണയത്തിന് സമർപ്പിക്കുന്ന പ്രോപ്പോസലിനോടൊപ്പം ടി Undertaking കൂടി ഉൾപ്പെടുത്തി സേവനപുസ്തകം അയച്ചു തരേണ്ടതാണ് .

Reji

ട്രെയിനിംഗ്ഡയറക്ടർക്ക് വേണ്ടി .

സ്വീകർത്താവ്:-

എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ്:- സ്റ്റോക്ക്ഫയൽ (കരുതൽ)